**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 882** **14-10-2026-ൽ മറുപടിയ്ക്ക്**

**ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ വെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നാട്ടകം സുരേഷ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** വേമ്പനാട്ട കായലിലും മീനച്ചിലാറിലും കൊടൂരാറിലും മറ്റ് തോടുകളിലും എക്കലും മണ്ണും അടിഞ്ഞ് അവയുടെ ആഴം കുറഞ്ഞതായി ശാസ്ത്രീയ പഠനങ്ങളിൽ കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** മീനച്ചിലാറിലും കൊട്ടൂരാറിലും മറ്റു തോടുകളിലും വേമ്പനാട്ട് കായലിലും ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ വേമ്പനാട്ട് കായലിന് കാലാന്തരമായി ഉണ്ടായ ആഴക്കുറവ് മൂലം കായലിന്റെ സംഭരണശേഷി കുറയുന്നതായും മറ്റു തോടുകളിൽ പലതിലും മണ്ണും ചെളിയും അടിഞ്ഞിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** എക്കലും മണ്ണും അടിഞ്ഞ് കായലിന്റെയും ആറുകളുടെയും തോടുകളുടെയും ആഴം കുറഞ്ഞതു നിമിത്തം നേരിയ മഴ പെയ്താൽ തന്നെ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറൻ പ്രദേശത്തെ ജനവാസമേഖലകളിൽ വെള്ളം കയറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

**മറുപടി:** ജലാശയങ്ങളിലെ ചെളിയും എക്കലും നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്ന പ്രവൃത്തികൾ ഫണ്ട് ലഭ്യതക്കനുസരിച്ച് നടപ്പിലാക്കി വരുന്നു. കോട്ടയം, ഏറ്റുമാനൂർ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ടിരിക്കുന്ന കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ താഴ്ന്ന പ്രദേശങ്ങളിലെ വേമ്പനാട്ട് കായൽ, നദികൾ, തോടുകൾ എന്നിവയിൽ അടിഞ്ഞ് കൂടിയിട്ടുള്ള ചെളിയും എക്കലും അടിയന്തര പ്രാധാന്യത്തോടെ നീക്കം ചെയ്യേണ്ടവയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

എല്ലാ വർഷവും കാലവർഷ മുന്നൊരുക്കവുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന തുക വിനിയോഗിച്ചും വെള്ളപ്പൊക്ക സാധ്യതയുള്ള ജലാശയങ്ങളിൽ പ്രവൃത്തികൾ ക്രമീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**